# താക്കോലു തപ്പെടാ തപ്പ്

താക്കോലു കക്ഷത്തിൽ വെച്ചു കൊണ്ടമ്മൂമ്മ
താക്കോലു തപ്പെടാ തപ്പ്!

ഉമ്മറത്തേക്കേറി, യുത്തരത്തേക്കേറി
താക്കോലു തപ്പെടാ തപ്പ്!

★താക്കോലു കണ്ടോടാ? താക്കോലു കണ്ടോടീ? "
തെക്കിനി മുററത്തും തപ്പി.

കുന്തം കളഞ്ഞാൽ കുടത്തിലും തപ്പണം
നൂററുകുടത്തിലും തപ്പി.

മരുമോടെ മണ്ടയ്ക്കു ചൂലോണ്ടു തപ്പുവാൻ
കൈ രണ്ടും പൊക്കിയനേരം,

താക്കോലു കക്ഷത്തിൽ നിന്നും കിണികിണീം
തഴോട്ടു തക്കിണം തിത്തോം!